ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഗവേഷണങ്ങൾ മാനവരാശിക്ക് ഉപകാരപ്പെടുന്ന പ്രായോഗിക പരിഹാരങ്ങളാക്കി മാറ്റേണ്ടത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

**Vice President C. P. Radhakrishnan says it is the responsibility of higher educational institutions to transform research into practical solutions that benefit humanity.**

2. ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ യുവാക്കൾ, സ്ത്രീകൾ, കർഷകർ എന്നിവരുടെ ശാക്തീകരണം അത്യന്താപേക്ഷിതമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

**Union Home Minister Amit Shah says empowering youth, women and farmers is essential to transform India into a developed nation.**

3. യുജിസി-നെറ്റ് പരീക്ഷയിലെ 84 വിഷയങ്ങൾക്കുള്ള താൽക്കാലിക ഉത്തരസൂചികകൾ പുറത്തിറക്കി നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

**NTA releases provisional answer keys for 84 subjects of UGC-NET 2026**

4. പൊന്നോണക്കാലത്തെ എതിരേറ്റ് മലയാളികൾ; കാർഷിക സമൃദ്ധിയുടെ അടയാളമായി നാളെ ചിങ്ങം ഒന്ന് കർഷക ദിനം.

**Keralites welcome the festive Onam season; tomorrow marks Chingam 1 and Farmers' Day, symbolising agricultural prosperity.**

5. ഓണക്കാലത്ത് സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ പരിശോധനകൾ ഊർജിതമാക്കിയതായി സംസ്ഥാന ആരോഗ്യ മന്ത്രി കെ മുരളീധരൻ.

**State Health Minister K. Muraleedharan says inspections have been intensified to ensure food safety during the Onam season.**

6. ശ്രീലങ്കയ്ക്കെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാംദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ ഒമ്പത് വിക്കറ്റിന് 460 റൺസ് എന്ന നിലയിൽ.

**India finish Day Two of the first cricket Test against Sri Lanka at 460 for 9.**

**&&&&&&&&&&&&&&&&&&&&&&**

## VP- SRM- INTRO

യുവാക്കൾ, അറിവ്, നൈപുണ്യം, നൂതനാശയം എന്നിവയെ രാഷ്ട്രനിർമ്മാണത്തിനായി വിനിയോഗിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. ഗവേഷണങ്ങളെ മനുഷ്യരാശിക്ക് പ്രയോജനപ്പെടുത്താവുന്ന പ്രായോഗിക പരിഹാരങ്ങളാക്കി മറ്റേണ്ടത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം പറഞ്ഞു. തമിഴ്നാട്ടിലെ കാട്ടാങ്കുളത്തൂരിൽ എസ്.ആർ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ 22-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&&&&&&**

## INDIA - BRICS MEETING

പന്ത്രണ്ടാമത് ബ്രിക്സ് പരിസ്ഥിതിമന്ത്രിമാരുടെ യോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ചൊവ്വാഴ്ച ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദ്ര യാദവ് അധ്യക്ഷനാകും. പരിസ്ഥിതി കർമസമിതിയുടെയും കാലാവസ്ഥാവ്യതിയാനം, സുസ്ഥിര വികസനം എന്നിവ കൈകാര്യം ചെയ്യുന്ന മുതിർന്ന ഉദ്യോഗസ്ഥരുടെയും യോഗം നാളെ നടക്കും.

&&&&&&&&&&&&&&&&&&&&&&

## AMIT SHAH-RAJASTHAN VISIT-INTRO

2047-ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിന് യുവാക്കൾ, സ്ത്രീകൾ, കർഷകർ എന്നിവരുടെ ശാക്തീകരണം അത്യന്താപേക്ഷിതമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. രാജസ്ഥാനിലെ അൽവറിൽ വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. 17 ജില്ലകളിലായി ആറായിരത്തി അഞ്ഞൂറോളം വികസന പദ്ധതികളാണ് നടപ്പാക്കുന്നത്. കർഷകരുടെ ക്ഷേമത്തിനായി മോദി സർക്കാർ സുപ്രധാന പദ്ധതികൾ നടപ്പിലാക്കുകയും വിളകളുടെ താങ്ങുവില തുടർച്ചയായി വർദ്ധിപ്പിക്കുകയും ചെയ്തതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

ചടങ്ങിൽ മുഖ്യമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി പ്രകാരമുള്ള ധനസഹായം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അദ്ദേഹം കൈമാറി.

&&&&&&&&&&&&&&&&&&&&&&

## NTA-ANSWER KEYS RELEASED

ഇക്കഴിഞ്ഞ ജൂണിൽ നടന്ന UGC-NET പരീക്ഷയിലെ 84 വിഷയങ്ങൾക്കായുള്ള താൽക്കാലിക ഉത്തരസൂചികകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രസിദ്ധീകരിച്ചു. ഇതുസംബന്ധിച്ച പരാതികൾ ഔദ്യോഗിക UGC-NET പോർട്ടൽ വഴി ഈ മാസം 18 വരെ അറിയിക്കാം. ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി ചോദ്യപേപ്പറുകളിലുണ്ടായ പിശകുകളെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി സമിതിയെ നിയോഗിച്ചതായും NTA അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## JHARKHAND - PROTEST

നിയമന പരീക്ഷകളിൽ ക്രമക്കേട് ആരോപിച്ച് ഝാർഖണ്ഡിലെ JPSC-JSSC ഉദ്യോഗാർഥികൾ നടത്തുന്ന സമരം ശക്തിപ്രാപിക്കുന്നു. JPSC, JSSC-CGL പരീക്ഷകൾ റദ്ദാക്കണമെന്നും ക്രമക്കേടുകൾ സി.ബി.ഐ അന്വേഷിക്കണമെന്നുമാണ് വിദ്യാർഥികളുടെ ആവശ്യം.

&&&&&&&&&&&&&&&&&&&&&&

## MEITY - CYBER KUSHTI

സൈബർ കുഷ്തി 2026 എന്ന പേരിൽ ദേശീയ സൈബർ സുരക്ഷാ - നിർമിത ബുദ്ധി ഹാക്കത്തോണിന് തുടക്കമിട്ട് ദേശീയ ഇലക്ട്രോണിക്സ്- സാങ്കേതികവിദ്യ ഇൻസ്റ്റിറ്റ്യൂട്ട്. സൈബർ സുരക്ഷ വിലയിരുത്തുന്നതിലുള്ള മനുഷ്യന്റെ വിവേചനബുദ്ധി തിരിച്ചറിയുന്നതിനാണ് ഹാക്കത്തോൺ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഇലക്ട്രോണിക്സ് - വിവര സാങ്കേതികവിദ്യ മന്ത്രാലയം അറിയിച്ചു. സൈബർ കുഷ്തി 2026 ന്റെ രജിസ്ട്രേഷൻ അടുത്ത മാസം 10 ന് അവസാനിക്കും.

&&&&&&&&&&&&&&&&&&&&&&

## ARMY CHIEF-NEPAL

ഇന്ത്യയും നേപ്പാളും തമ്മിലുള്ള സൈനിക സഹകരണം ശക്തമാക്കുന്നതിന്റെ ഭാഗമായി കരസേനാ മേധാവി ജനറൽ ധീരജ് സേഠ് മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നേപ്പാളിലെത്തി. ഇരുരാജ്യങ്ങൾക്കും പൊതു താല്പര്യമുള്ള വിഷയങ്ങളിൽ നേപ്പാൾ കരസേനാ മേധാവിയുമായി അദ്ദേഹം ചർച്ച നടത്തും.

&&&&&&&&&&&&&&&&&&&&&&

## INDONESIA-QUAKE EMERGENCY

ഇന്തോനേഷ്യയിൽ, ഭൂചലനത്തെ തുടർന്ന് ഈസ്റ്റ് നൂസ തെങ്കാര പ്രവിശ്യയിൽ 14 ദിവസത്തെ അടിയന്തര പ്രതികരണ കാലയളവ് പ്രഖ്യാപിച്ചു. ദുരന്തമേഖലയിലെ ഒഴിപ്പിക്കൽ, ദുരിതാശ്വാസ വിതരണം, വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ എന്നിവ സുഗമമാക്കുന്നതിനാണ് നടപടി. ഇന്നലെ രാവിലെയാണ് ഫ്ലോറസ് തീരത്ത് 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. ഭൂകമ്പത്തിലും 341 തുടർചലനങ്ങളിലും 51 പേർ കൊല്ലപ്പെടുകയും നൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&&&&&

## RUSSIA-UKRAINE CONFLICT

റഷ്യയും യുക്രൈനും പരസ്പരം നടത്തിയ മിസൈൽ-ഡ്രോൺ ആക്രമണങ്ങളിൽ ഇരുരാജ്യങ്ങളിലുമായി പതിനൊന്ന് പേർ കൊല്ലപ്പെട്ടു. നിരവധി വീടുകൾക്കും റെയിൽവേ സ്റ്റേഷനും കേടുപാടു സംഭവിച്ചു. കാട്ടുതീയും ഉണ്ടായി.

&&&&&&&&&&&&&&&&&&&&&&

## FACT CHECK-PREZ

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പേരിൽ സമൂഹ മാധ്യമങ്ങളിൽ AI നിർമിത വീഡിയോ പ്രചരിക്കുന്നതായി കേന്ദ്ര സർക്കാർ. റഫാൽ വിമാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണ കമ്മീഷൻ രൂപീകരിക്കുമെന്ന് രാഷ്ട്രപതി പ്രസ്താവന നടത്തുന്ന വീഡിയോ വ്യാജമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധന വിഭാഗം സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&&&&&&

**DEVAN RAMACHANDRAN**

മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ഭരണഘടനാ മൂല്യങ്ങളും പാരിസ്ഥിതിക ഉത്തരവാദിത്വങ്ങളും വ്യക്തിഗത മികവും ഉയർത്തിപ്പിടിച്ച് രാഷ്ട്രനിർമ്മാണത്തിൽ വിദ്യാർഥികൾ പങ്കാളികളാകണമെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പുതുതായി പ്രവേശനം നേടിയ ബിരുദാനന്തര ബിരുദ, പിഎച്ച്.ഡി വിദ്യാർത്ഥികളുടെ ഓറിയന്റേഷൻ പ്രോഗ്രാമിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&

**ONAM- INTRO**

ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും പൊന്നോണക്കാലത്തിന് തുടക്കം കുറിച്ച് നാളെ ചിങ്ങം ഒന്ന്. കാർഷിക സമൃദ്ധിയുടെ അടയാളമായി നാളെ മലയാളി കർഷക ദിനവും ആഘോഷിക്കുന്നു.

ഒരു റിപ്പോർട്ട്....

(വോയിസ്)

**ONAM-VOICE**

ഓരോ മലയാളിയുടെയും മനസ്സിൽ ഓണനാളുകളുടെ മധുരസ്മരണകൾ ഉണർത്തി നാളെ പൊന്നിൻചിങ്ങം പിറക്കുന്നു. അത്തം ഒന്നായ ഇന്ന് മുറ്റത്ത് പൂക്കളമൊരുക്കി മലയാളികൾ ഔപചാരികമായി ഓണത്തെ വരവേറ്റു കഴിഞ്ഞു. കർഷകന്റെ അധ്വാനത്തിന്റെ പ്രാധാന്യത്തിന്റെയും വിളവെടുപ്പിന്റെ ആഘോഷത്തിന്റെയും ഓർമ്മപ്പെടുത്തൽ കൂടിയാണ് ഓരോ ഓണക്കാലവും. സംസ്ഥാന കർഷക ദിനാഘോഷം മുഖ്യമന്ത്രി വി ഡി സതീശൻ നാളെ എറണാകുളത്ത് ഉദ്ഘാടനം ചെയ്യും. സംസ്ഥാന കർഷക പുരസ്കാരങ്ങളും വിതരണം ചെയ്യും. ഓണ വിപണികൾ സജീവമാകുന്നതോടെ ഓണത്തെ ആഘോഷപൂർവം എതിരേൽക്കാനുള്ള ഒരുക്കത്തിലാണ് വീടകങ്ങളും നാടും. ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&&&

## ONAM- AIR - INTRO

ഓണാഘോഷങ്ങളുടെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയം നാളെ തിരുവനന്തപുരത്ത് ശ്രാവണ സംഗീതിക അവതരിപ്പിക്കും. കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&&&

## K MURALEEDHARAN

ഓണക്കാലത്ത് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള പരിശോധനകൾ ഊർജ്ജിതമാക്കിയതായി ആരോഗ്യ മന്ത്രി കെ.മുരളീധരൻ. ഭക്ഷ്യവസ്തുക്കളുടെ

ഗുണനിലവാരം ഉറപ്പാക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ANOOP JACOB

സംസ്ഥാനത്ത്, വില ഉയരുന്ന സാഹചര്യമുണ്ടായാൽ 25,000 മെട്രിക് ടൺ അരി കൂടി വിപണിയിൽ എത്തിക്കുമെന്ന് ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ്. ഇക്കാര്യം ആവശ്യപ്പെട്ട് ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയ്ക്ക് സർക്കാർ കത്തയച്ചു. ഓണക്കാലത്തെ വില നിയന്ത്രണം ലക്ഷ്യമിട്ട് ആവശ്യത്തിന് അരിയും ഗോതമ്പും എത്തിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

## CRICKET- INDIA-SL

ശ്രീലങ്കയ്ക്കെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാംദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ ഒമ്പത് വിക്കറ്റിന് 460 റൺസ് എന്ന നിലയിൽ. ദേവദത്ത് പടിക്കൽ 167 റൺസ് നേടി പുറത്തായി.

&&&&&&&&&&&&&&&&&&&&&&

## HOCKEY

നെതർലാൻഡ്സിൽ നടക്കുന്ന വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ - ചൈന മത്സരം സമനിലയിൽ. ഇരു ടീമും രണ്ടു ഗോൾ വീതം നേടി.

&&&&&&&&&&&&&&&&&&&&&&

## SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട തുറന്നു. ചിങ്ങം ഒന്നായ നാളെ രാവിലെ അഞ്ചിന് ദർശനത്തിനായി നട തുറക്കും. 21ന് നട അടയ്ക്കും.

**&&&&&&&&&&&&&&&&&&&&&&**

**LAKSHADWEEP**

ലക്ഷദ്വീപിൽ വെള്ളിയാഴ്ച റബീഉൽ അവ്വൽ മാസപ്പിറവി ദൃശ്യമായതോടെ നബിദിനാഘോഷങ്ങൾക്ക് തുടക്കമായി. വിവിധ ദ്വീപുകളിൽ ഖാസിമാർ, മദ്റസാ കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ നിരവധി പേർ പങ്കെടുത്ത ഘോഷയാത്രകൾ സംഘടിപ്പിച്ചു. തുടർന്നുള്ള 12 ദിവസങ്ങളിൽ ഓരോ ദ്വീപുകളിലും വിപുലമായ പരിപാടികൾ നടക്കും.

**&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&**